(ഇ) ഇത് പരിഹരിക്കുന്നതിന് പരീക്ഷകളും, ഫലപ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും കൃത്യതയോടെ യഥാസമയം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്):

(എ) ഉണ്ട്.

(ബി) ഇപ്പോൾ ഏകീകൃത സ്വഭാവമില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി&ഇ) പരീക്ഷകളുടെ ഫലപ്രഖ്യാപനവും സർട്ടിഫിക്കറ്റുകളുടെ വിതരണവും കഴിയുന്നിടത്തോളം സമയബന്ധിതമായി നടത്തുവാൻ സർവ്വകലാശാലകൾ നടപടികൾ സ്വീകരിച്ചുവരുന്നു. ബിരുദ സർട്ടിഫിക്കറ്റുകളുടെ വിതരണത്തിനായി ചില സർവ്വകലാശാലകൾ ഫാസ്റ്റ്ട്രാക്ക് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. എങ്കിലും ഈ പ്രശ്നത്തിന് ഒരു ശാശ്വത പരിഹാരം കാണുന്നതിന്റെ ഭാഗമായി സർവ്വകലാശാലകളിൽ ഒരു ഏകീകൃത അക്കാദമിക് കലണ്ടർ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. 2015-16 അദ്ധ്യായന വർഷം മുതൽ ഏകീകൃത അക്കാദമിക് കലണ്ടർ സംവിധാനം നടപ്പാക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി തലവനായി ഒരു കോർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അക്കാദമിക് കലണ്ടർ സംബന്ധിച്ച് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നൽകിയ ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ സർവ്വകലാശാലകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഇ-ഗവേണൻസ് സംവിധാനം നടപ്പാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സ്മാർട്ട് ക്ലാസ്റൂമുകളാക്കി മാറ്റുന്നതിന് പദ്ധതി

1 (2453) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ക്ലാസ് മുറികൾ സ്മാർട്ട് ക്ലാസ് റൂമുകളാക്കി മാറ്റുന്നതിനായി 2014-15-ലെ സംസ്ഥാന ബഡ്ജറ്റിൽ 50 ലക്ഷം രൂപ വകയിരുത്തിയിരുന്നതു വിനിയോഗിച്ച് ഏതൊക്കെ കോളേജുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കി ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

2014-15 സാമ്പത്തിക വർഷത്തിൽ സർക്കാർ ആർട്സ് & സയൻസ് കോളേജുകളിലെ ക്ലാസ് മുറികൾ സ്മാർട്ട് ക്ലാസ് റൂമുകളാക്കി മാറ്റുന്നതിന് "2202-80-003-95 Modernization of Edusat Classrooms (Plan)" എന്ന ശീർഷകത്തിൽ 200 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഇതിൽ നിന്നും താഴെപറയുന്ന കോളേജുകളിലേയ്ക്ക് തുക അനുവദിക്കുകയും ടി തുക സ്മാർട്ട് ക്ലാസ് മുറികളുടെ ആവശ്യത്തിനായി ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്.

1. ഗവൺമെന്റ് ആർട്സ് കോളേജ്, തിരുവനന്തപുരം
2. ഗവൺമെന്റ് വിമൻസ് കോളേജ്, തിരുവനന്തപുരം
3. യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം
4. ഗവൺമെന്റ് കോളേജ്, ആറ്റിങ്ങൽ
5. ഗവൺമെന്റ് കോളേജ്, കാര്യവട്ടം
6. ഗവൺമെന്റ് കോളേജ്, നെടുമങ്ങാട്
7. ഗവൺമെന്റ് സംസ്കൃത കോളേജ്, തിരുവനന്തപുരം
8. കെ.എൻ.എം. ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ്, കാഞ്ഞിരംകുളം
9. ബേബിജോൺ മെമ്മോറിയൽ ഗവൺമെന്റ് കോളേജ്, ചവറ
10. ഗവൺമെന്റ് കോളേജ്, കോട്ടയം
11. ഗവൺമെന്റ് കോളേജ്, കട്ടപ്പന
12. ഗവൺമെന്റ് കോളേജ്, മൂന്നാർ
13. ഗവൺമെന്റ് സംസ്കൃത കോളേജ്, തൃപ്പൂണിത്തുറ
14. ഗവൺമെന്റ് കോളേജ്, തൃപ്പൂണിത്തുറ
15. ഗവൺമെന്റ് കോളേജ്, മണിമലക്കുന്ന്
16. ഗവൺമെന്റ് കോളേജ്, മഹാരാജാസ്, എറണാകുളം

17. പി.എം. ഗവൺമെന്റ് കോളേജ്, ചാലക്കുടി

18. ശ്രീ. സി. അച്യുതമേനോൻ ഗവൺമെന്റ് കോളേജ്, തൃശ്ശൂർ

19. കെ.കെ.റ്റി.എം. ഗവൺമെന്റ് കോളേജ്, പൂല്പറ്റ്

20. ഗവൺമെന്റ് കോളേജ്, ചിറ്റൂർ

21. എസ്.എൻ.ജി. സംസ്കൃത കോളേജ്, പട്ടാമ്പി

22. ഗവൺമെന്റ് വിക്ടോറിയ കോളേജ്, പാലക്കാട്

23. ഗവൺമെന്റ് കോളേജ്, മലപ്പുറം

24. റ്റി.എം. ഗവൺമെന്റ് കോളേജ്, തിരൂർ

25.പി.റ്റി.എം. ഗവൺമെന്റ് കോളേജ്, പെരിന്തൽമണ്ണ

26. ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ്, കോഴിക്കോട്

27. ഗവൺമെന്റ് കോളേജ്, കൊയിലാണ്ടി

28. ഗവൺമെന്റ് കോളേജ്, മൊകേരി

29. ഗവൺമെന്റ് കോളേജ്, കോടഞ്ചേരി

30. ഗവൺമെന്റ് കോളേജ്, മടപ്പള്ളി

31. ഗവൺമെന്റ് ബ്രണ്ണൻ കോളേജ്, തലശ്ശേരി

32. സി.കെ.ജി.എം. ഗവൺമെന്റ് കോളേജ്, പേരാമ്പ്ര

33. ഗവൺമെന്റ് കോളേജ്, കൽപ്പറ്റ

34. ഗവൺമെന്റ് കോളേജ്, മാനന്തവാടി

35. ജി.പി.എം. ഗവൺമെന്റ് കോളേജ്, മഞ്ചേശ്വരം

36. ഇ.കെ.എൻ.എം. ഗവൺമെന്റ് കോളേജ്, എള്ളേരിത്തട്ട്

37. ഗവൺമെന്റ് കോളേജ്, കാസർഗോട്

LIBRARY ARCHIVES Kerala Legislative Assembly